കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ
DECEMBER 30 2022

ശബരിമല പത്രക്കുറിപ്പ് - 1
ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# തിരക്ക് നിയന്ത്രിക്കാൻ പൊലീസിന്റെ പുതിയ ബാച്ചിൽ 1409 പേർ

ശബരിമല: മകരവിളക്ക് മഹോത്സവ കാലത്തെ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കാൻ കേരള പൊലീസിന്റെ അഞ്ചാം ബാച്ച് ചുമതലയേറ്റു. സ്പെഷ്യൽ ഓഫീസർ വി എസ് അജിയുടെ നേതൃത്വത്തിൽ 1409 പേരാണ് പുതിയ സംഘത്തിലുള്ളത്. ഇവർക്കുള്ള ഡ്യൂട്ടി വിശദീകരണ യോഗം സന്നിധാനം ഓഡിറ്റോറിയത്തിൽ നടന്നു.

ഒരു എ എസ് പി, 12 ഡി വൈ എസ് പി, 33 സി ഐ, 109 എ എസ് ഐ - എസ് ഐ, 1254 സിവിൽ പൊലീസ് ഓഫീസർമാർ എന്നിവരാണ് സംഘത്തിലുള്ളത്. കൊടിമരം, സോപാനം, പതിനെട്ടാംപടി, മാളികപ്പുറം, കെ എസ് ഇ ബി, ശരംകുത്തി, സന്നിധാനം 1, സന്നിധാനം 2, മരക്കൂട്ടം, പാണ്ടിത്താവളം, സ്ട്രൈക്കർ, പുണ്യം പൂങ്കാവനം എന്നീ 12 സെക്ടറുകളായാണ് സേനയെ വിന്യസിച്ചത്. ഡി വൈ എസ് പിമാർക്കാണ് സെക്ടറുകളുടെ ചുമതല.

ഓരോ സെക്ടറിലും സി ഐ മാരുടെ നേതൃത്വത്തിൽ ഡ്യൂട്ടി പോയിന്റുകളു ാകും. ഈ പോയിന്റുകളെ കൃത്യമായി ഏകോപിപ്പിച്ച് തിരക്ക് നിയന്ത്രിക്കുകയാണ് പൊലീസിന്റെ ലക്ഷ്യം.

ജനുവരി 9 വരെയാണ് ഈ സംഘത്തിന്റെ ചുമതല. ഇതിന് ശേഷം ആറാം ബാച്ച് സന്നിധാനത്തെത്തും. പൊതു സുരക്ഷ, ഭണ്ഡാര സുരക്ഷ, ഇന്റലിജൻസ്, ടെലി കമ്മ്യൂണിക്കേഷൻ തുടങ്ങിയവക്കായി പ്രത്യേക സംഘങ്ങളു ്. ഇതിന് പുറമെ എൻ ഡി ആർ എഫ്, ആർ എ എഫ്, ഇതര സംസ്ഥാന പൊലീസുകാർ, വിവിധ സുരക്ഷാ സേനയിലെ ഉദ്യോഗസ്ഥർ എന്നിവരും സേവനത്തിനു ്.

യോഗത്തിൽ പൊലീസിനുള്ള 57 ഇന നിർദേശങ്ങൾ കൈമാറി. അസി. സ്പെഷ്യൽ ഓഫീസർ തപോഷ് ബസ്മത്ത്, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു. തുടർന്ന് ഡി വൈ എസ് പിമാരുടെ നേതൃത്വത്തിൽ സെക്ടറുകളുടെ പ്രത്യേക യോഗങ്ങളും നടന്നു.

**ഫോട്ടോ ക്യാപ്ഷൻ: സന്നിധാനത്ത് പുതുതായി ചുമതലയേറ്റ പൊലീസുകാർക്ക് സ്പെഷ്യൽ ഓഫീസർ വി എസ് അജിനിർദേശങ്ങൾ നൽകുന്നു**

(പി.ആർ. ശബരി- 212)

# ഏകോപനത്തിലൂടെ തിരക്ക് നിയന്ത്രിക്കും: എ ഐ ജി

ശബരിമല: കൃത്യമായ ഏകോപനത്തിലൂടെ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുമെന്ന് സന്നിധാനം സെപെഷ്യൽ ഓഫീസറും എ ഐ ജിയുമായ വി എസ് അജി പറഞ്ഞു. കൊവിഡിന് ശേഷമുള്ള തീർഥാടന കാലമായതിനാൽ മകരവിളക്ക് മഹോത്സവത്തിന് കൂടുതൽ തിരക്ക് പ്രതീക്ഷിക്കുന്നു ്. ഒരു മിനുട്ടിൽ ശരാശരി 75 മുതൽ 80 പേരെ വരെ പതിനെട്ടാംപടി കയറ്റിവിടും. തിരക്ക് വർധിക്കുമ്പോൾ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. അയ്യപ്പൻമാർക്ക് മികച്ച രീതിയിൽ ദർശനം നടത്താനുള്ള സൗകര്യം ഒരുക്കും. പരമാവധി എല്ലാവരും വെർച്ചൽ ക്യൂ വഴി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കണം. സുഗമവും സുരക്ഷിതവുമായ തീർഥാടനത്തിന് ഭക്തർ സഹകരിക്കണമെന്നും വി എസ് അജി പറഞ്ഞു

(പി.ആർ. ശബരി- 213)

# ആയുർവേദ ചികിത്സയിലൂടെ 32067 പേർക്ക് ആശ്വാസം

ശബരിമല: സന്നിധാനം ആയുർവേദ ആശുപത്രിയിൽ ഇതുവരെ ചികിത്സ തേടിയത് 32067 പേർ. ഇതിൽ 31319 പുരുഷൻമാരും 321 സ്ത്രീകളും 427 കുട്ടികളുമാണ്.
തിരുമ്മൽ, ഇൻഫ്രാറെഡ് രശ്മികൾ ഉപയോഗിച്ചുള്ള ചികിത്സ, മർമ്മ ചികിത്സ തുടങ്ങിയവയാണ് സന്നിധാനം ആയുർവേദ ആശുപത്രിയിൽ ലഭിക്കുന്നത്. മല കയറുമ്പോൾ പേശിവേദനയും സന്ധി വേദനയുമു ാകുന്നവർക്ക് ഏറെ ആശ്വാസമാണ് തിരുമ്മൽ ചികിത്സ. മണ്ഡല കാലത്ത് പ്രതിദിനം ശരാശരി എഴുന്നൂറോളം പേർ മസാജ് സൗകര്യം ഉപയോഗപ്പെടുത്തി. ഇതിനായി ര ു തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാണ്. അലർജി, പനി എന്നിവയുള്ളവരും എത്തുന്നു ്. സ്വാമിമാർക്ക് പുറമെ പൊലീസ് ഉൾപ്പെടെ സേവന രംഗത്തുള്ളവരും ചികിത്സക്കായി വരുന്നു ്. മെഡിക്കൽ സുപ്ര ് ഉൾപ്പെടെ അഞ്ച് ഡോക്ടർമാർ, മൂന്ന് ഫാർമസിസ്റ്റുകൾ, ര ് തെറാപ്പിസ്റ്റുകൾ, മൂന്ന് അറ്റൻഡർ, ഒരു ശുചീകരണ തൊഴിലാളി, ദേശീയ ആയുഷ് ദൗത്യത്തിന്റെ ര ് പാർട്ട് ടൈം ജീവനക്കാർ എന്നിവരടങ്ങിയ 16 അംഗ സംഘമാണ് സേവനത്തിനുള്ളത്. തീർഥാടകരുടെ സൗകര്യാർഥം പമ്പയിലും ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നു ്.

(പി.ആർ. ശബരി- 214)

# അപകട ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റി

ശബരിമല: കുടിവെള്ള ടാങ്കിനും കെട്ടിടത്തിനും ഭീഷണിയായ മരങ്ങൾ വനംവകുപ്പ് അധികൃതർ മുറിച്ചു മാറ്റി. ശരംകുത്തിയിലെ ടാങ്കിന് സമീപത്തെ ഒരു മരവും വെടി മരുന്ന് സൂക്ഷിക്കുന്ന കെട്ടിടത്തിന് ഭീഷണിയായ ര ് മരങ്ങളുമാണ് മുറിച്ചത്. ഭീഷണിയായ മരങ്ങൾ മുറിച്ചു മാറ്റാൻ ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ നേരത്തെ ശബരിമലയിൽ നടന്ന യോഗത്തിൽ നിർദേശിച്ചിരുന്നു.

**ഫോട്ടോ ക്യാപ്ഷൻ: ശരംകുത്തിയിൽ അപകട ഭീഷണിയായ മരം വനം വകുപ്പ് മുറിച്ചു മാറ്റിയപ്പോൾ**

(പി.ആർ. ശബരി- 215)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.